ഗുരുദേവ പ്രതിമ തകർത്ത സംഭവം

71 (71) ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) എസ്.എൻ.ഡി.പി. യോഗം സംസ്ഥാനത്തെ ഗുരുദേവ പ്രതിമ തകർത്ത സംഭവത്തെ സംബന്ധിച്ച് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) സംഭവത്തെ സംബന്ധിച്ചുള്ള അന്വേഷണ റിപ്പോർട്ട് ഗവൺമെന്റിനു ലഭിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ) എസ്.എൻ.ഡി.പി. യോഗം സംസ്ഥാനത്തെ ഗുരുദേവ പ്രതിമ തകർത്ത സംഭവത്തിൽ കൊല്ലം ഈസ്റ്റ് പോലീസ് ക്രൈം നമ്പർ 100/2000 ആയി കേസ് രജിസ്റ്റർ ചെയ്യുകയും കേസ് അന്വേഷണത്തിൽ പ്രതി എന്ന് വെളിവായ കൊല്ലം മുണ്ടയ്ക്കൽ ഉദയ-മാർത്താണ്ഡപുരം ചേരിയിൽ കപ്പലണ്ടി മുക്കിൽ വാസു മകൻ രാജനെ അറസ്റ്റ് ചെയ്ത് കൊല്ലം ജൂഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് മുൻപാകെ ഹാജരാക്കുകയും ഉണ്ടായി. കോടതി ടിയാനെ റിമാന്റ് ചെയ്ത് ജൂഡീഷ്യൽ കസ്റ്റഡിയിൽ കൊല്ലം സബ് ജയിലിൽ സൂക്ഷിച്ച് വരികയാണ്. ഈ കേസിന്റെ തുടർന്നുള്ള അന്വേഷണം കൊല്ലം ക്രൈം ബ്രാഞ്ച് ഡി.വൈ.എസ്.പി നടത്തിവരുകയാണ്.

(ബി&സി) അന്വേഷണം നടത്തിവരികയാണ്.

വിദ്യാർത്ഥി സമരത്തോടനുബന്ധിച്ച് ഉണ്ടായ നിയമസമാധാന പ്രശ്നങ്ങൾ

72 (72) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീ. ഇ. എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വിദ്യാഭ്യാസ വർഷത്തിൽ കോളേജുകളിൽ നടന്ന വിദ്യാർത്ഥി സമരത്തോടനുബന്ധിച്ച് എവിടെയെല്ലാം നിയമസമാധാന പ്രശ്നങ്ങൾ ഉണ്ടായിട്ടുണ്ട് ;

(ബി) ഏതെല്ലാം കോളേജ് അധികാരികൾ സമരം നടന്ന വിദ്യാഭ്യാസ സ്ഥാപനത്തിന് സംരക്ഷണം ആവശ്യപ്പെട്ടുകൊണ്ട് ഹൈക്കോടതിയുടെ ഉത്തരവ് നേടി ;

(സി) ഈ ഉത്തരവ് നടപ്പാക്കുന്ന കാര്യത്തിൽ ഗവൺമെന്റ് ഭാഗത്ത് നിന്നും എന്തെങ്കിലും വീഴ്ച ഉണ്ടായിട്ടുണ്ടോ ; എങ്കിൽ വിശദീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ചെമ്പഴന്തി എസ്.എൻ. കോളേജ്, കൊല്ലം എസ്.എൻ. കോളേജ്, ചാത്തന്നൂർ എസ്.എൻ. കോളേജ്, കോട്ടയം ബസേലിയസ് കോളേജ്, ചങ്ങനാശ്ശേരി എൻ.എസ്.എസ്. കോളേജ്, പമ്പാടി ആർ.ഐ.ടി. കോളേജ് നെൻമാറ എൻ.എസ്.എസ്. കോളേജ് ശ്രീകൃഷ്ണപുരം വി.റ്റി.ബി. കോളേജ് കൂത്തുപറമ്പ് നിർമ്മലഗിരി കോളേജ് എന്നിവിടങ്ങളിലാണ് ഈ വിദ്യാഭ്യാസ വർഷത്തിൽ നിയമസമാധാന പ്രശ്നങ്ങൾ ഉണ്ടായത്.

(ബി) ചെമ്പഴന്തി എസ്.എൻ. കോളേജ്, കൊല്ലം എസ്.എൻ. കോളേജ്

(സി) ഹൈക്കോടതി ഉത്തരവ് നടപ്പാക്കുന്ന കാര്യത്തിൽ സർക്കാരിന്റെ ഭാഗത്തുനിന്ന് യാതൊരുവിധ വീഴ്ചയും ഉണ്ടായിട്ടില്ല.

ടെക്നിക്കൽ വിഭാഗം പോലീസുകാരുടെ യൂണിഫോം

73(73) ശ്രീ. എ. കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് വകുപ്പിൽ ജി.ഒ.(ആർ.റ്റി.) 791/87/ഹോം തീയതി 26-3-1987 പ്രകാരം ടെക്നിക്കൽ വിഭാഗത്തിൽപ്പെട്ട പോലീസുകാർക്ക് 7 വർഷം സർവ്വീസ് പൂർത്തിയാക്കുമ്പോൾ നായിക്ക് ആയി പ്രൊമോഷൻ കൊടുക്കുന്നതിന് ഉത്തരവായിട്ടുണ്ടോ ;

(ബി) ജി.ഒ.(എം.എസ്) 139/94/ഹോം തീയതി 8-8-1994 പ്രകാരം ടെക്നിക്കൽ വിഭാഗത്തിൽപ്പെട്ട 7 വർഷം (ഹയർഗ്രേഡ്) സർവ്വീസ് പൂർത്തിയാക്കിയ പോലീസുകാർക്ക് ഹെഡ് കോൺസ്റ്റബിൾ/ഹവിൽദാർ എന്നീ റാങ്ക് യൂണിഫോം റൂൾസ് പ്രകാരം യൂണിഫോമിൽ മൂന്ന് 'വി' ആകൃതിയുള്ള വെള്ള സ്ട്രൈപ്സ് ധരിക്കാൻ ഉത്തരവായിട്ടുണ്ടോ ;

(സി) മേൽപ്പറഞ്ഞ രണ്ട് ഉത്തരവുകളും ഇപ്പോൾ പാലിക്കപ്പെടുന്നില്ലായെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഇക്കാര്യത്തിൽ സർക്കുലർ നമ്പർ 8/85/ നമ്പർ 3/7909/84 ഡി.ജിപി. തീയതി 5-6-1985 എസ് ഉത്തരവാണോ നടപ്പാക്കുന്നതെന്ന് പറയുമോ ;

(ഇ) ഇതുമൂലം പ്രമോഷൻ അവസരങ്ങൾ നഷ്ടപ്പെടുന്നത് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പോലീസ് വകുപ്പിന് നായിക് തസ്തിക ഇപ്പോൾ നിലവിലില്ല. 7 വർഷം സർവ്വീസ് പൂർത്തിയാക്കുന്ന ടെക്നിക്കൽ വിഭാഗം പോലിസുകാർക്ക് ഹെഡ് കോൺസ്റ്റബിൾ/ഹവിൽദാർ റാങ്കുകളിൽ ലഭിക്കുന്ന എല്ലാ ആനുകൂല്യങ്ങളും ഉൾപ്പെടെയുള്ള ഹയർ ഗ്രേഡാണ് നൽകിവരുന്നത്.

(ബി) 5-8-1994-ലെ ജി.ഒ.(എം.എസ്.) 133/94/ഹോം പ്രകാരം ഉത്തരവായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly